




# മരണാഘോഷയാത്രയിൽ മുങ്ങിപ്പോയ ഇടശ്ശേരി

**ഷീബ അമീർ**

സാഹിത്യ അക്കാഡമിയിൽ ഇടശ്ശേരി ഗോവിന്ദൻ നായർ എന്ന മഹാകവിയുടെ അനുസ്മരണം നടക്കുകയായിരുന്നു. ചെറുപ്പം മുതൽ വാപ്പ (പി.കെ.എ. റഹീം) പറയുന്നത് കേട്ട് വളർന്നതാണ്. ഇതൊന്നുമല്ല കവിത, ഞങ്ങടെ പൊന്നാനിക്കാരൻ ഒരു കവിയുണ്ട് ഇടശ്ശേരി. അദ്ദേഹത്തിന്റെ കവിതകളാണ് കവിത.

കുഴി വെട്ടിമൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്ക് നമ്മൾ
(പണിമുടക്കം)

ഇവയൊക്കെ മനസിൽ ആഴത്തിൽ പതിഞ്ഞവയാണ്. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ കവിതകളെക്കുറിച്ച് വേദിയിലിരിക്കുന്ന ഓരോരുത്തരും പറയുന്നത് കേട്ടപ്പോൾ ഒരു അത്ഭുതവും തോന്നിയില്ല.

മർത്യൻ സുന്ദരരാണെന്ന് ആദ്യം പറഞ്ഞ കവി. പിന്നീട് വന്ന പലരും വൈലോപ്പിള്ളിയും കടവനാട് കുട്ടികൃഷ്ണനും ഗോവിന്ദനുമൊക്കെ മനുഷ്യരെക്കുറിച്ചെഴുതി. എങ്കിലും മനുഷ്യപക്ഷത്തിനു വേണ്ടി ആദ്യമേ പറഞ്ഞു തുടങ്ങിയ കവി ഇടശ്ശേരിയായിരുന്നു.

അമ്പതു കൊല്ലം മുൻപ് കുറ്റിപ്പുറം പാലം എന്ന കവിതയിലൂടെ ഇടശ്ശേരി മുന്നോട്ട് വച്ചത് പരിസ്ഥിതിക്ക് ആഘാതമേൽപ്പിച്ചു കൊണ്ടുള്ള വികസനത്തെക്കുറിച്ചുള്ള ഉത്കണ്ഠയാണ്. ജീവിതം മുഴുവൻ മനുഷ്യർക്ക് വേണ്ടി എഴുതിയ കവി.

അക്കാഡമിയിൽ ഈ ചടങ്ങിൽ പങ്കെടുക്കാനെത്തിയ മുന്നൂറിൽ താഴെ ആളുകളല്ലാതെ ഇതൊന്നും ആരും കേൾക്കുന്നില്ലല്ലോ എന്ന ദുഖത്തിലാണ് അനുസ്മരണ ചടങ്ങ് കഴിഞ്ഞ് മടങ്ങിയത്. നാളെ പത്രത്തിൽ അക്കിത്തവും പങ്കെടുത്തു എന്ന് ഒറ്റ വാക്കിൽ വരരുതേ എന്നും കുറച്ച് വിശദമായിത്തന്നെ അദ്ദേഹത്തിന്റെ പ്രസംഗം വരണം എന്നും ആഗ്രഹിച്ചിരുന്നു.

അന്നേദിവസം ആറു മണിയോടെയാണ് കോൺഗ്രസ് നേതാവ് കരുണാകരൻ മരിച്ച വിവരം അറിയുന്നത്. ഓഫീസിൽ നിന്നും ഓട്ടോറിക്ഷയിൽ വീട്ടിലേക്ക് തിരിച്ചു വരുമ്പോൾ ഓട്ടോ ഡ്രൈവർ പറഞ്ഞു, നാളെ പൊതു അവധിയായിരിക്കും അല്ലേ... ഒരു പൊതു അവധി തീർച്ചയായും ഉണ്ടായിരിക്കും എന്ന് മറുപടി പറയുമ്പോൾ പ്രതീക്ഷിച്ചിരുന്നു. കേരളം മുഴുവൻ ആകെ ദുഖത്തിലമർന്നു പോകും എന്ന് കരുതിയിരുന്നില്ല. വിദ്യാഭ്യാസ കാലത്ത് കരിങ്കാലി കരുണാകരൻ എന്ന വിശേഷണം കേട്ടു വളർന്ന എനിക്ക് ഇത്ര കനത്ത ഒരു നഷ്ടമാണ് കരുണാകരന്റെ മരണം മൂലം സംഭവിക്കാൻ പോകുന്നതെന്ന് തോന്നിയതുമില്ല. മുപ്പതു വർഷം മുൻപ് കോളേജിന്റെ ചുമരുകളിൽ മാറ്റൊലി പോലേ രാജൻ എവിടെ എന്ന് വായിച്ച് വായിച്ച് പതിഞ്ഞ കണ്ണിലും മനസിലും ഇപ്പോഴും അതിന്റെ ഭീകരത മായാതെ കിടപ്പുണ്ട്.

അടിയന്തരാവസ്ഥക്കാലത്ത് സർവാധിപതിയായിരുന്ന കെ. കരുണാകരൻ തൊഴിലാളി വഞ്ചന നടത്തിയതിന്റെ പേരിൽ കരിങ്കാലി എന്ന പേരിലറിയപ്പെട്ട കരുണാകരൻ രാജൻ എന്ന വിദ്യാർഥിയെയും വിജയൻ എന്ന യുവാവിനെയും ഉരുട്ടിക്കൊന്ന മുഴുവൻ പോലീസുകാർക്കും സംരക്ഷണമേർപ്പെടുത്തിയ കരുണാകരൻ, കേരളീയത്തിനു വേണ്ടി ഈച്ചര വാര്യരെ ഇന്റർവ്യൂ ചെയ്യാൻ പോയ എനിക്ക് ഒരച്ഛന്റെ നനവു പടർന്ന കണ്ണുകളും ഇടറിയ വാക്കുകളും മറക്കാൻ കഴിയുന്നതല്ല.

അടുത്ത ദിവസം പത്രങ്ങളും ചാനലുകളും ദുഖത്തിൽ കണ്ണീരിൽ മുങ്ങിത്താഴുന്നതാണ് കേരളം കണ്ടത്. ദേശീയ പ്രസ്ഥാനത്തിന്റെ പാരമ്പര്യമുള്ള കേരളത്തിലെ ഒരു പ്രമുഖ പത്രം ഇടശ്ശേരി എന്ന കവിയെ അനുസ്മരിച്ച് ഒരു വാക്കുപോലും എഴുതാൻ മനസുകാണിക്കാതെയാണ് കരുണാകരന്റെ വീര ചരിത്രരേഖകൾ കുത്തി നിറച്ച് പുറത്തിറക്കിയത്. മൂന്നു ദിവസം കഴിഞ്ഞാണ് ഒരു തെറ്റുതിരുത്തൽ പോലെ ഇടശ്ശേരി അനുസ്മരണ വാർത്ത കൊടുത്തിരുന്നുവെന്നത് ആശ്വാസകരം. പല പത്രങ്ങളിലും ഇടശ്ശേരി അനുസ്മരണം ഒരു ഫോട്ടോയിൽ ഒതുങ്ങി. ഹാ കഷ്ടം! ചെകുത്താനെ പനയോളം വളർത്തുമെന്ന് വാപ്പ പറയുന്നത് പൂർണമാകുന്നത് മരണാഘോഷത്തോടെയാണെന്ന് തോന്നിപ്പോകുന്നു.